



മലങ്കരയുടെ നാലാമത്

കാതോലിക്ക പരിശുദ്ധ ബാസേലിയോസ് ഔഗേൻ ബാവയുടെ

ധന്യനാമത്തിലുള്ള ''മാർ ബാസേലിയോസ് ഔഗേൻ ചാരിറ്റബിൾ ഫൗണ്ടേഷൻ''

എന്ന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ,

മലങ്കരയുടെ ആറാമത്

കാതോലിക്ക പരിശുദ്ധ ബാസേലിയോസ് മാർ തോമ മാത്യൂസ് ദ്വിതീയൻ സമ്പാദിച്ച സ്ഥലത്ത്

മലങ്കരയുടെ ഏഴാമത്

കാതോലിക്ക പരിശുദ്ധ ബാസേലിയോസ് മാർ തോമ ദിദിമോസ് പ്രഥമൻ ബാവയുടെ അനുമതിയോടെ,

മലങ്കരയുടെ എട്ടാമത്

കാതോലിക്ക പരിശുദ്ധ ബാസേലിയോസ് മാർ തോമ പൗലോസ് ദ്വിതീയൻ ബാവ

2008–ൽ ആരംഭിച്ച്, പരിപുഷ്ടിപ്പെടുത്തി വരുന്ന ചാരിറ്റബിൾ പ്രസ്ഥാനം

''കോതമംഗലം സാന്ത്വനം സ്പെഷ്യൽ സ്കൂൾ''

അതിന്റെ പതിമൂന്ന് വർഷം പൂർത്തീകരിച്ചിരിക്കുന്നു.





**മലങ്കര ഓർത്തഡോക്സ് സഭ**
**മാർ ബസേലിയോസ് ഔഗേൻ ചാരിറ്റബിൾ ഫൗണ്ടേഷൻ**
രജി. നമ്പർ ER - 495/08

# സാന്ത്വനം സ്പെഷ്യൽ സ്കൂൾ

കോതമംഗലം - 686 691

# സ്മരണിക

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ (അന്ന് നിയുക്ത കാതോലിക്കാ)യുടെ കൽപ്പനയോടെ 2008-ൽ ആരംഭിച്ച സ്ഥാപനം - പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് നട്ട്, നനച്ച് വളർത്തിയ സേവന പ്രസ്ഥാനം.

കേരളത്തിലും, ബാഹ്യകേരളത്തിലും, അമേരിക്ക, ഇംഗ്ലണ്ട്, ഗൾഫ് രാജ്യങ്ങൾ, ഓസ്ട്രേലിയ, ന്യൂസിലാന്റ് തുടങ്ങിയ സ്ഥലങ്ങളിൽ ഉള്ള മലങ്കര ഓർത്തഡോക്സ് സഭാ ഇടവകകളും, മലങ്കരസഭാമക്കളും, **ഉദാരമതികളായ അനേകരും കൈതുറന്ന് സഹായിച്ച്, സഹകരിച്ച് നടത്തിവരുന്ന സാന്ത്വനം സ്പെഷ്യൽ സ്കൂൾ..!**

സമൂഹത്തിൽ പരിഗണന ഇല്ലാതെയും, പരിശീലനം ഇല്ലാതെയും ഒറ്റയ്ക്ക് ഒറ്റയ്ക്ക് അവരവരുടെ ഭവനങ്ങളിൽ കഴിഞ്ഞിരുന്ന 95 ഭിന്നശേഷിക്കാരായ വ്യക്തികൾ - അവരുടെ ഒരു സ്നേഹ കൂട്ടായ്മ - പരസ്പരം സ്നേഹിക്കുന്നവർ - നമ്മെ സ്നേഹിക്കുന്നവർ - എത്ര പ്രായമായാലും കുട്ടിത്തം വിട്ടുമാറാത്തവർ - സ്ഥാനമോഹമോ, സ്വാർത്ഥതയോ ഇല്ലാത്ത നിർമ്മല മാനസർ, സന്തോഷവും സംതൃപ്തിയും ഉള്ളവർ - അസഹിഷ്ണുത അശേഷം ഇല്ലാത്തവർ - അവരെ പരിശീലിപ്പിക്കുകയും പരിപോഷിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന **Govt. Recognized Special School ആണ് കോതമംഗലം സാന്ത്വനം സ്പെഷ്യൽ സ്കൂൾ.**

അദ്ധ്യയനവർഷം സാധാരണ നിലയിൽ മെയ് 2 മുതൽ മാർച്ച് 31 വരെ. എന്നാൽ ലോകമെമ്പാടും പടർന്നുപിടിച്ച കൊറോണ മൂലം 2020 മാർച്ച് 10 നു ശേഷം ക്ലാസ്സുകൾ നടത്തുവാനോ കുട്ടികൾക്ക് സ്കൂളിൽ വരുവാനോ ഇടയായില്ല. ആയതിനാൽ **2019-2020 അധ്യയന വർഷത്തേയും, 2020-2021 അധ്യയനവർഷത്തെയും** വാർഷികസമ്മേളനവും ആഘോഷ പരിപാടികളും നടത്തുവാനോ, രണ്ടുവർഷങ്ങളിൽ പ്രവർത്തനവിവരങ്ങളും, വരവു ചെലവു കണക്കുകളും, സംഭാവന തരുന്നവരുടെ ലിസ്റ്റും ഉൾപ്പെടുത്തിയുള്ള **വാർഷിക റിപ്പോർട്ട്** പ്രസിദ്ധപ്പെടുത്തുവാനോ ഇടയായില്ല.

സ്കൂൾ സ്ഥാപകനും സ്ഥാപനത്തിന്റെ അധികാരിയും ആയിരുന്ന പരിശുദ്ധ കാതോലിക്കാ മോറാൻ മാർ ബാസേലിയോസ് മാർതോമ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനി 2021 ജൂലൈ 12-ന് പരലോക പ്രാപ്തനായി.

**പരിശുദ്ധ ബാവാ തിരുമേനിയുടെ സ്മരണികയായി 2019-2020, 2020-2021 വർഷങ്ങളിലെ റിപ്പോർട്ട് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നു.**

പരിശുദ്ധ ബാവാ തിരുമേനിയുടെ അനുഗ്രഹങ്ങൾ ഉണ്ടാകണമേയെന്നുള്ള പ്രാർത്ഥനയോടെയും ഏവരുടെയും സഹകരണവും പ്രോത്സാഹനവും ഉണ്ടാകണമേയെന്ന അഭ്യർത്ഥനയോടും **സ്മരണിക** - റിപ്പോർട്ട് 2019-2020 & 2020-2021 പ്രസിദ്ധപ്പെടുത്തുന്നു.

**ഫാ. ജോർജ്ജ് പട്ട്ളാട്ട്**
ഡയറക്ടർ

**തിരുമൊഴികൾ..**

*കലഹത്തിന്റെ മാർഗ്ഗമല്ല സ്നേഹത്തിന്റെ മാർഗ്ഗമാണ്*
*നാം ഉപദേശിക്കുന്നത്.*
*അഃ നമ്മുടെ നിലപാടുകളിൽ വീഴ്ച വരുത്തിക്കൊണ്ടാവരുത്*
*എന്ന് മാത്രമേ നാം നിഷ്കർഷിച്ചിട്ടുള്ളൂ.*



Mar Baselious Augen Charitable Foundation is an organisation registered under the Travancore-Cochin Literary, Scientific and Charitable Societies Registration Act. Act No. 12 of 1955 (Registration No. ER 495/08)

The annual accounts are subject to internal audit and audit by Charted Accountants every year.

“Receipts and Payments statement, Income and Expenditure Statement and statement of Balance sheet are submitted to:

Income Tax Commissioner, Registrar of Societies and Catholicate office every year.

Annual report, including the audited accounts, list of donors, are sent to the members of the Foundation, Donors and supporters every year.

## Malankara Orthodox Church
## Mar Baselious Augen Charitable Foundation

*(Reg. No. ER 495/08)*

## MEMBERS LIST

### A. PATRON MEMBERS

1. H.H. Moran Mar Baselious Mar Thoma Paulose II
2. H.G. Yoohanon Mar Policarpose Metrapolitan
3. H.G. Dr. Gheevarghese Mar Yulios Metrapolitan, Ahammedabad
4. V. Rev. Mathai Edayanal Cor-Episcopa, Pazhamthottam
5. Rev. Fr. George Patlattu, W.Vengola
6. Prof. E.M. Paulose, Erumala, Kothamangalam
7. Baby Joseph, Banglore
8. M.C. Mathew, Banglore
9. Anil Alias, Puthussery, Kottayam
10. CherianThomas, N.J., USA
11. P.K. Kuriakose, Pullakkudiyil, Valayanchirangara
12. Sabu Jacob, Erumbayil, Pothanicadu
13. Saji P. Mathew, Palackal, Perumbavoor
14. Santhosh George, Edayanal, Pazhamthottam
15. Liju T. Alias, Thodathil, Valayanchirangara
16. P. George Varghese, Parambil, Chengannoor
17. Saji Varghese, Palakkunnel, Aluva

18. Abraham Jacob, Spice Villa, Kolenchery
19. Susan Thomas, Spice Villa, Kolenchery
20. Joshy K.P., Irickal, Pazhamthottam
21. Alex Kuruvila, Pallivathukkal, Keezhillam
22. K.P. Stephen, RAK, UAE
23. Rajan Thankachan, Ajman, UAE
24. Annie Rajan, Ajman, UAE
25. Thomas Mathew, Ajman, UAE
26. Jithin Mathew, Ajman, UAE
27. Dr. Varghese Paul, Cheriyavayaliparambil, Aluva
28. E.P. Kuriakose, Edayanal, Pazhamthottam
29. Ponnamma Varghese, Puthenpurackal, Aluva.
30 M.C. John Madakkal, Aluva
31. M. Cheriyan Oommen, Manalel, Niranam
32. A. John, England
33. Dr. George Mathew, Erumala, Kothamangalam
34. Biju Skariah, Kuttisserikudiyil, Pothanikkadu
35. Jackson Mathew, Erumbayil, Pothanicadu
36. Mohan Jacob, UAE
37. Shine Jacob, Western FL, USA
38. Sajan Thomas, Texas, USA
39. Prof. P.I. Daniel, Puthusseriyil, Thrikkalathoor
40. Paulose Jacob, Pandikkudy, Vengoor
41. Prof. Dr. Binoy Alias, Mattamana, Mathirappilly
42. Boban Paul, Patlatt, Thripoonithura
43. Dr. M.G. Grasious, Mattamana, Cheladu
44. E.V. George, Edayanal, Pazhamthottam
45. Prof. K.U. Abraham, Kochukudiyil, Mudavoor
46. Varkey Thomas, Texas, USA
47. Mariayamma Thomas, Texas, USA
48. Joy T.A., Thekkel, Pazhamthottam
49. Sobha Roy, Palakkattumalil, Keezhillam
50. Pathrose Jacob Pandikudiyil, Kuruppampady
51. Manoj Max, Palakkattu, Tempa, USA
52. Issac T.V. Thachethu, Pazhamthottam
53. Baiju T. Alias, Thodathil, Valayanchirangara
54. N.V. Jacob, Nadakkal, Perumbavoor
55. Sunil V. Oommen, Sunil Villa, Angamali
56. P. Alex-Kunjumol Alex, Patlattu, Vengola
57. Varghese Daniel, Navy Bombay, Mumbai
58. M. Jacob, Vellappillil, Bhrahmapuram
59. Mary David, (cocho), USA
60. Elizebeth Thomas (Stephy)
61. Alice Pothen N.J., USA
62. Mathew V.M., Prankottil, Thrikkalathoor

63. Rev. Fr. K.P. Varghese, Baltimore, USA
64. Dr. Binu Thomas Chacko, Morgan Town, USA
65. Dr. Shoba Kurian, Morgan Town, USA
66. George Thomas, Murimattil, Ompala, Kolenchery
67. K.A. Abraham, Kakkathottathil, Pothanicadu

## B. INSTITUTION MEMBERS

68. St. Mary's Orthodox Church, Pazhamthottam
69. St. Mary's Orthodox Church, Pazhamthottam
70. St. Mary's Orthodox Church, Pazhamthottam
71. St. Mary's Orthodox Church, Pazhamthottam
72. Bethlehem St. Mary's Dayara, Kizhakkambalam
73. Thrikkunnathu Seminary, Chapel, Aluva

## C. LIFE MEMBERS

74. K.O. George, Singapore
75. Mammen Jacob, Pallathussery, Kottayam
76. Benny Kuriakose, Kaliyan Nagar, Banglore
77. Paul Varghese, Kaliyan Nagar, Banglore
78. M. Varghese, Happy Villa, Valayanchirangara
79. Shaji Varghese, Chettalthinkara, Kodanadu
80. Cose Kurian, Chettalthinkara, Kodanadu
81. Dr. Biby Susan Abe, Palathullil, Thrissur
82. Leelamma James, Elavunikunnathil, Pathanamthitta
83. Sabu Alex, Parvelikudiyil, Perumbavoor
84. Reji Ittoop, Ancheril, Adimaly
85. N.M. Mathai Neeruvilayil, Kothamangalam
86. A.C. Paulose, Alukkal, Peechanikadu
87. Mariyamma P. George, Kolladu, Kottayam
88. Dr. Wilson Varghese, Panackal, Odakkaly
89. P.V. Behnan, Poickadathu, Nedumbassery
90. Prof. M.J. Idicula, Devagiri, Kangazha
91. Saju Ittan, Vellaringaparambil, Valayanchirangara
92. P.V. Korah, Puthenparambil, Aluva
93. Dr. Jacob Ittoop, Ancheril, Kothamangalam
94. T. U. Paulose, Thannikkal, Ottappalam
95. Jince P. Thannikkal, Ottappalam
96. Deepak Kurian, Parvelikudiyil, Perumbavoor
97. Rev. Fr. J. Paulose, Olickal, Aluva
98. Daniel Thomas, Canada
99. Joseph John, Synthit Valley, Kadayiruppu
100. A.M. Yacob, Alukkal, Peechanikakdu
101. T.C. John, Thalakavil, S. Vazhakkulam, Aluva
102. Samuel Mathunni, Sharja, UAE
103. Sanju Philip Kurian, Dubai, UAE

63. Rev. Fr. K.P. Varghese, Baltimore, USA
64. Dr. Binu Thomas Chacko, Morgan Town, USA
65. Dr. Shoba Kurian, Morgan Town, USA
66. George Thomas, Murimattil, Ompala, Kolenchery
67. K.A. Abraham, Kakkathottathil, Pothanicadu

## B. INSTITUTION MEMBERS

68. St. Mary's Orthodox Church, Pazhamthottam
69. St. Mary's Orthodox Church, Pazhamthottam
70. St. Mary's Orthodox Church, Pazhamthottam
71. St. Mary's Orthodox Church, Pazhamthottam
72. Bethlehem St. Mary's Dayara, Kizhakkambalam
73. Thrikkunnathu Seminary, Chapel, Aluva

## C. LIFE MEMBERS

74. K.O. George, Singapore
75. Mammen Jacob, Pallathussery, Kottayam
76. Benny Kuriakose, Kaliyan Nagar, Banglore
77. Paul Varghese, Kaliyan Nagar, Banglore
78. M. Varghese, Happy Villa, Valayanchirangara
79. Shaji Varghese, Chettalthinkara, Kodanadu
80. Cose Kurian, Chettalthinkara, Kodanadu
81. Dr. Biby Susan Abe, Palathullil, Thrissur
82. Leelamma James, Elavunikunnathil, Pathanamthitta
83. Sabu Alex, Parvelikudiyil, Perumbavoor
84. Reji Ittoop, Ancheril, Adimaly
85. N.M. Mathai Neeruvilayil, Kothamangalam
86. A.C. Paulose, Alukkal, Peechanikadu
87. Mariyamma P. George, Kolladu, Kottayam
88. Dr. Wilson Varghese, Panackal, Odakkaly
89. P.V. Behnan, Poickadathu, Nedumbassery
90. Prof. M.J. Idicula, Devagiri, Kangazha

ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിനും പരിപുഷ്ടിപ്പെടുത്തുന്നതിനും ചുമതലപ്പെട്ടിരിക്കുന്ന
അംഗങ്ങളോടുള്ള അനുമോദനവും കൃതജ്ഞതയും അർപ്പിക്കുന്നു.
അംഗത്വം എടുത്ത് ഈ പ്രസ്ഥാനത്തോട് ചേർന്ന് നിൽക്കാൻ സുമനസ്സുകളോട് അഭ്യർത്ഥിക്കുന്നു.
ഈ പ്രസ്ഥാനം വളരട്ടെ... അംഗങ്ങൾ പ്രവർത്തനങ്ങളിൽ തത്പരരായി
സഹകരണം തുടർന്നും പ്രദാനം ചെയ്യണമേ..!!

For kind attention and favours of "Life Members" According to a decision of the Gneral Body on 09-07-2014 **LIFE MEMBERS** can enhance the membership to **PATRON MEMBERSHIP** by paying rupees 50,000/- to the Foundation...

**തിരുമൊഴികൾ..**

*സൽപ്രവൃത്തികളാകുന്ന സമ്പാദ്യം നിങ്ങളിൽ വർദ്ധിച്ചുവരണം; നമ്മുടെ നാഥനായ ക്രിസ്തുയേശുവിന്റെ സ്നേഹത്തിൽ ഉറച്ചിരിക്കണം; കർത്താവിന്റെ സുവിശേഷ സന്ദേശം ജീവിതത്തിൽ പാലിക്കണം. പ്രസിദ്ധിക്കുവേണ്ടി ദാനം ചെയ്യുന്നതല്ല, ദൈവത്തിന് ഹിതകരമായ കാരുണ്യം ചെയ്യുവാൻ നമുക്ക് കഴിയണം.*





## H.G. Dr. Gheevarghese Mar Yulios Metrapolitan

പരിശുദ്ധ കാതോലിക്ക ബാവ മൊറാൻ മാർ ബസേലിയോസ് മാർ തോമ പൗലോസ് ദ്വിതീയൻ 2008–ൽ കോതമംഗലത്ത് സാന്ത്വനം സ്പെഷ്യൽ സ്കൂൾ തുടങ്ങുമ്പോൾ മുതൽ ആ സ്ഥാപനത്തോടുള്ള സ്നേഹവും കരുതലും വാത്സല്യവും എത്രയുണ്ട് എന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അത് എങ്ങിനെഎന്നാൽ **"ഒരിക്കൽ യേശുവിന്റെ അടുക്കൽ പരീശന്മാർ വന്നു അദ്ദേഹത്തോട് ചോദിച്ചു: സ്വർഗ്ഗരാജ്യത്തിൽ ആരാണ് വലിയവൻ ഉത്തരമായി അവൻ ഒരു ശിശുവിനെ അവരുടെ നടുവിൽ നിർത്തി. എന്നിട്ട് അവരോട് പറഞ്ഞു. നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ ഈ ശിശുവിനെപ്പോലെ ആയി തീരണം. ശിശുവിന്റെ മനസ്സും നിഷ്കളങ്കതയും ആത്മാവും ഇല്ലാത്തവനെ സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശനം പോലും ഇല്ലാ..."** പരിശുദ്ധ പിതാവ് യേശുനാഥന്റെ ഈ തത്വം ജീവിതത്തിൽ ഏറെ പകർത്തിയിട്ടുള്ള മഹത്‌വ്യക്തിയാണ് പ്രത്യേകിച്ചും ഭിന്നശേഷിയുള്ള കുഞ്ഞുങ്ങൾ... ഒരു പക്ഷെ സമൂഹം അവരെ കഴിവുകുറഞ്ഞവർ എന്നൊക്കെ ചിത്രീകരിച്ചേക്കാം. **എന്നാൽ അവർ ആത്മബുദ്ധി തികഞ്ഞവരാണ്, അവർ സ്നേഹിക്കാൻ മാത്രം അറിയുന്നവരാണ്.** അവർ പ്രാർത്ഥിക്കാൻ അറിയുന്നവരാണ്, നിഷ്കളങ്കമായി പെരുമാറാൻ അറിയുന്നവരാണ്. **അവരുടെ മുന്നിൽ നിൽക്കുമ്പോൾ അവരെപ്പോലെ ആകുവാനുള്ള ഒരു പ്രചോദനം നമുക്കും ഉണ്ടാകും.** ഈ തത്വം ആണ് തിരുമേനിയിൽ എനിക്ക് കാണുവാൻ കഴിഞ്ഞിട്ടുള്ളത്. ആ ചിത്രം സാന്ത്വനം സ്പെഷ്യൽ സ്കൂളിൽ വന്നപ്പോൾ എനിക്ക് കൂടുതൽ വ്യക്തമായി. അതിൽ കൂടുതലായി തിരുമേനിയിൽ അവരോടുള്ള വാത്സല്യവും കരുതലും ഞാൻ കണ്ടത് തിരുമേനിയുടെ സപ്തതി ആഘോഷത്തിന് സാന്ത്വനം സ്പെഷ്യൽ സ്കൂളിലെ എല്ലാ കുഞ്ഞുങ്ങളെയും അവരുടെ അദ്ധ്യാപക–അനദ്ധ്യാപകരെയും, ഗവേണിംഗ് ബോർഡ് അംഗങ്ങളേയും, കോട്ടയം ദേവലോകത്തേക്ക് എത്തിക്കുകയും **"മറ്റ് ആഘോഷങ്ങൾ അല്ല എനിക്ക് എന്റെ കുഞ്ഞുങ്ങളോടൊപ്പം ഈ ദിവസം ചെലവഴിക്കണം"** എന്ന് അദ്ദേഹം പറയുകയും അദ്ദേഹം തന്നെ വിളമ്പി അവരോടൊപ്പം കഴിക്കുന്ന ചിത്രം വളരെ തെളിമയോടെ ഓർക്കുന്നു.

"ഒരു പുരോഹിതൻ ബലി അർപ്പിക്കുവാൻ വിശുദ്ധ മദ്ബഹയിലേക്ക് കയറുമ്പോൾ അവൻ ചൊല്ലുന്ന ആദ്യ പ്രാർത്ഥന: **"ദൈവമായ കർത്താവേ, നിന്റെ വിശുദ്ധ പ്രാകാരങ്ങളിലേക്ക് ബലഹീനനായ ഞാൻ വരുന്നു. അവിടുന്ന് എന്നെ പൈതലീകരിക്കേണമേ എന്നാണ്. ഒരു ശിശുവിനെപോലെ പ്രവേശിക്കാത്തവനെ ദൈവരാജ്യത്തിലേക്ക്, സ്വർഗ്ഗരാജ്യത്തിലേക്ക് അനുമതി ഇല്ലാ.."** ആ തത്വം പരിശുദ്ധ ബാവാ തിരുമേനിയിലൂടെ എല്ലാവരും പഠിക്കട്ടെ എന്ന് ആശംസിക്കുന്നു.

**പിതാവിന് ബാഷ്പാഞ്ജലികൾ അർപ്പിക്കുന്നു.**

പരിശുദ്ധ പിതാവിന്റെ പാതയിൽ സമയം ലഭിക്കുമ്പോഴൊക്കെ സാന്ത്വനത്തിൽ വരുവാനും ഈ കുഞ്ഞുമക്കളോടൊപ്പം ചെലവഴിക്കാനും ഞാനും ആഗ്രഹിക്കുന്നു. 2019–ഓണാഘോഷം അതിന്റെ പുതുമ മായാതെ ഇന്നും മനസ്സിൽ സൂക്ഷിക്കുന്നു.

സാന്ത്വനം സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

**"ദൈവം അനുഗ്രഹിക്കട്ടെ"**



**തിരുമൊഴികൾ..**

*ദൈവത്തെ നഷ്ടപ്പെടുത്താതെ അവസാനം വരെ ഒരാൾക്ക് ജീവിക്കാൻ കഴിയുക എന്നുള്ളതാണ് ജീവിതവിജയത്തിന്റെ മാനദണ്ഡമായി ഞാൻ കരുതുന്നത്. ഒരുവൻ ധനവാനെന്നോ, ആരോഗ്യദൃഢഗാത്രനെന്നോ എന്നതല്ല എന്റെ വീക്ഷണത്തിലെ ജീവിതവിജയം; മറിച്ച് ഏതവസ്ഥയിലും ദൈവത്തിൽ നിന്നകലാതെ ജീവിക്കാൻ കഴിയുന്നതാണ് വിജയകരമായ ജീവിതമായി ഞാൻ കണക്കാക്കുന്നത്*



## അകവും പുറവും ഒരുപോലെ ശോഭയാണ് പരി. ബാവാ തിരുമേനി

**വെരി. റവറൽ മത്തായി ഇടയനാൽ, കോർ എപ്പിസ്കോപ്പ**

മാർ ബാസേലിയോസ് മാർ തോമാ പൗലോസ് ദ്വിതീയിൻ കാതോലിക്കാ ബാവ, എറണാകുളം സെന്റ് മേരീസ് കത്തിഡ്രലിൽ വൈദിക ശുശ്രൂഷ നടത്തിയിരുന്ന കാലത്ത് അദ്ദേഹം 'പോൾ അച്ചൻ' എന്നാണ് അറിയപ്പെട്ടിരുന്നത്. ആ കാലം തൊട്ടുതന്നെ ഞങ്ങൾ അടുത്തറിയുന്നവരും സ്നേഹിതരുമായിരുന്നു. മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് അദ്ദേഹത്തിന്റെ പേര് നിർദ്ദേശിക്കപ്പെട്ടപ്പോൾ അഞ്ചു വയസ്സിന്റെ പ്രായക്കുറവ് ഉണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു. ക്രാന്തദർശിയായ അന്നത്തെ കാതോലിക്ക ബാവ മാർതോമ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം നിർദ്ദേശിച്ചു പറഞ്ഞു. "അതു സാരമില്ല, 5 കൊല്ലം കഴിയുമ്പോൾ ആ കുറവ് മാറിക്കൊള്ളും" എന്ന്.

പിന്നീട് അദ്ദേഹം കാതോലിക്ക സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടപ്പോഴും മുൻഗാമികളേക്കാൾ പ്രായം കുറവായിരുന്നു. മുൻഗാമികളെപ്പോലെ അത്രകാലം ആ സ്ഥാനത്ത് തുടരാതെ തന്റെ ദൗത്യം പൂർത്തിയാക്കി അദ്ദേഹം പിതൃസന്നിധിയിലെത്തിച്ചേരുകയും ചെയ്തു. ഇരുന്നു തുരുമ്പിക്കാതെ ശോഭയോടെ എരിഞ്ഞടങ്ങിയ ഭാഗ്യവാൻ..!

പാലക്കാട് ജില്ലയിൽ പ്രവൃത്തിച്ചിരുന്ന മാർ ബസ്സേലിയോസ് ചിൽഡ്രൻസ് ഹോമിന്റെ ചുമതല വഹിച്ചിരുന്ന അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനി കാലം ചെയ്തതിനാൽ കുന്നംകുളം ഭദ്രാസന മെത്രോപ്പോലീത്തയായിരുന്ന അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയെ ആ ചുമതല ഏല്പിച്ചു. മേൽപറഞ്ഞ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായി 20-ൽ പരം വർഷം അദ്ദേഹത്തോട് ചേർന്ന് പ്രവർത്തിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു.

തൃക്കുന്നത്തു സെമിനാരിയുടെ ചുമതല എന്നെ ഏല്പിച്ചതിനെതുടർന്ന് ഇപ്പോൾ കോതമംഗലത്ത് പ്രവർത്തിച്ചുവരുന്നസാന്ത്വനം സ്പെഷ്യൽ സ്കൂൾ ആരംഭിച്ചു. **പരി. ബാവാ തിരുമേനി നല്കിയ ഒരു ലക്ഷം രൂപാ** കൊണ്ടാണ് അതിന്റെ പണി ആരംഭിച്ചത്.

പരി. ബാവാ തിരുമേനി ഈ സ്ഥാപനത്തെ എങ്ങനെ കരുതുന്നു എന്ന് ഞാൻ വിശദമാക്കേണ്ടതില്ല. പലവിധത്തിലുള്ള പ്രയാസങ്ങളേയും അഭിമുഖീകരിച്ചാണ് ഈ സ്ഥാപനം ഇന്ന് അഭിമാനാർഹമായ നിലയിലെത്തിച്ചേർന്നിരിക്കുന്നത്. പരിശുദ്ധ ബാവാ തിരുമേനി ഒരു വലിയ ഭാഗ്യവാനാണ്. ജീവകാരുണ്യ മേഖലയിൽ അദ്ദേഹം കാണിച്ചു തന്ന മാതൃക ഉദാത്തമാണ്. **ദിവംഗതനായ ബാവാ തിരുമേനി, ജീവിച്ചിരുന്ന ബാവ തിരുമേനിയേക്കാൾ ശ്രേഷ്ഠനാണ്.** അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത നമുക്ക് എന്നും കോട്ടയായിരിക്കട്ടെ...



## തിരുമൊഴികൾ..

മറ്റ് പ്രശസ്തികൾ ഒക്കെ നേടുമ്പോഴും മാതാപിതാക്കളെ മറക്കാതെ ഓർക്കുന്നത് വിശിഷ്ട സൽഗുണമാണ്. ഈ കാലഘട്ടത്തിൽ മാതാപിതാക്കളെ ഓർക്കുന്ന മക്കൾ അതൊരു പുതിയ സന്ദേശം തന്നെയാണ് ലോകത്തിന് നൽകുന്നത്. മാതാപിതാക്കളെ ഓർക്കുന്നത്, അവരെ ബഹുമാനിക്കണം ആദരിക്കണമെന്ന വേദവചനത്തിന്റെ നിവർത്തിയാണ്. ഇത് നാം ഓരോരുത്തരും ഉൾക്കൊള്ളേണ്ടതാണ്.



## V. Rev. Thomas Paul Ramban

വിസ്മൃതിയിൽ ആകുമായിരുന്ന നമ്മുടെ സ്കൂളിന് ജീവശ്വാസം പകർന്നു ഉയർത്തെഴുന്നേൽപ്പിച്ചത് പരിശുദ്ധ ബാവായുടെ ഔദാര്യം ഒന്നുമാത്രമാണ് എന്നത് ചരിത്ര സത്യം. **സ്കൂളിന്റെ പൂർണ്ണ ഉപയോഗത്തിന് പള്ളി പൂർണമായും വിട്ടു നൽകി. പരിശുദ്ധ മദ്ബഹായെ ശുശ്രൂഷിച്ച അച്ചന്മാരേക്കാൾ വിശുദ്ധർ കുഞ്ഞുങ്ങൾ ആണെന്നതിന് അദ്ദേഹത്തിന് സന്ദേഹം ഉണ്ടായിരുന്നില്ല.** പലപ്പോഴും കുഞ്ഞുങ്ങൾ തിരിച്ചറിയാതെ പരിശുദ്ധ മദ്ബഹായുടെ ചവിട്ടു പടികൾ കയറുന്നത് അദ്ദേഹം തന്നെ കണ്ടിട്ടുണ്ട്. അവരെ അദ്ദേഹം തടഞ്ഞിരുന്നില്ല. അതൊരു ബോധ്യമാണ്...അദ്ദേഹത്തിന്റെ ഉത്തമബോധ്യം... **ഏവരെയും കൃത്യമായി വിലയിരുത്തുവാനും തിരിച്ചറിയുവാനമുള്ള ആറാം ഇന്ദ്രിയജ്ഞാനം...** ഏറ്റവും സ്നേഹിച്ചത് ഈ കുഞ്ഞുമക്കളെ... അവരുടെ അധ്യാപകരെ... അവരെ നയിക്കുന്നവരെ... സ്കൂളിനുവേണ്ടി കഷ്ടപ്പെടുന്നവരെ... ഞങ്ങൾക്ക് നഷ്ടപ്പെട്ടത് ഞങ്ങളുടെ ജീവൻ തന്നെയാണ്... ഞങ്ങൾക്ക് ഏറ്റവും വിലപിടിപ്പുള്ള ഞങ്ങളുടെ ജീവൻ....

## സാന്ത്വനം സ്പെഷ്യൽ സ്കൂൾ



"സ്വർണ്ണത്തിന് സുഗന്ധം പോലെ നന്മപരാഗം പരത്തുന്ന സ്രോതസ്സായി സഭയുടെ ഈ പ്രസ്ഥാനം വളർന്നു കൊണ്ടിരിക്കുന്നു എന്നതിൽ എനിക്ക് കൃതാർത്ഥതയും , സന്തോഷവും ഉണ്ട് ".

പ്രാരംഭത്തിലെ ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ച് പോകാതെ പ്രവർത്തകർ ശ്രദ്ധിക്കണമെന്നും, ദൈവതിരുമുമ്പാകെ ശ്രേഷ്ഠരായി ഈ കുഞ്ഞുങ്ങൾ വളർന്നുവരണമെന്നും പരിശുദ്ധ ബാവ തിരുമേനി ഉദ്ബോധിപ്പിച്ചു.

"ജാതി മത ഭേദമെന്യേ സർവ്വ ജനത്തിനും പ്രയോജനകര മായി, മതിൽക്കെട്ടുകൾ ഇല്ലാതെയും, അതിർവരമ്പുകൾ ഇല്ലാ തെയും ഈ സേവനപ്രസ്ഥാനം വളരുന്നു. ഇത് ദേശത്തിന് അഭിമാനം ആണ്, പ്രവർത്തകർക്ക് അനുഗ്രഹമാണ്, സഭയ്ക്ക് മുതൽകൂട്ടാണ്, സമൂഹത്തിന് വിലപ്പെട്ട സാക്ഷ്യം ആണ്". എല്ലാ അനുഗ്രഹങ്ങളും നേരുന്നു...

**തിരുമൊഴികൾ..**

*എന്തു പ്രതിസന്ധി വന്നാലും*
*സത്യത്തെ മുറുകെപ്പിടിച്ച് മുന്നോട്ടുപോവുക.*
*ദൈവം കൂടെയുണ്ടാകും.*





# മാർഗ്ഗതാരകം

## പ്രൊഫ. ഇ.എം. പൗലോസ് (പ്രാരംഭ വൈസ്പ്രസിഡന്റ്)

സഹജീവി സ്നേഹം അടിത്തറയിട്ട ആത്മീയസപര്യയിലൂടെ, തന്റെ ജീവിതം തന്നെ സുവിശേഷമാക്കിയ മഹാചാര്യനായിരുന്നു പരിശുദ്ധ ബസേലിയോസ് മാർതോമാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ. ദൈവത്തിലേക്കുള്ള വഴി പോകുന്നത് നിസ്വരും നിരാലംബരുമായ മനുഷ്യർക്കരികിലൂടെയാണെന്ന തിരിച്ചറിവായിരുന്നു പരിശുദ്ധ ബാവയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ സത്ത. കഷ്ടപ്പാടുകൾ നിറഞ്ഞ കുട്ടിക്കാലം തൊട്ടേ ഒരൊറ്റ വഴിയേ ആയിരുന്നു പാവൂട്ടി എന്ന അൾത്താര ബാലൻ സഞ്ചരിച്ചത്. **അത് ദൈവഭയത്തിന്റെയും ദീനാനുകമ്പയുടെയും വഴിയായിരുന്നു. സ്വജീവിതത്തെ അന്യജീവനുതകുന്ന ശുശ്രൂഷയാക്കി അദ്ദേഹം.**

കെ.ഐ. പോൾ അച്ചന്റെ പ്രായത്തെ മറികടക്കുന്ന പക്വതയുടെയും വിശ്വാസദാർഢ്യത്തിന്റെയും ജീവിതലാളിത്യത്തിന്റെയും മുന്നിൽ, മെത്രാനാകുവാൻ നാല്പത് വയസ്സ് പൂർത്തിയായിരിക്കണം എന്ന നിബന്ധനവഴിമാറുകയായിരുന്നു. മുപ്പത്തിയാറാം വയസ്സിൽ, പൗലോസ് മാർ മിലിത്തിയോസ് എന്ന നാമധേയത്തിൽ മെത്രോപ്പോലീത്തയായി അഭിഷിക്തനാകുമ്പോൾ പരുമല ഗ്രിഗോറിയോസ് തിരുമേനിക്ക് ശേഷം മലങ്കരസഭ കണ്ട ഏറ്റവും പ്രായം കുറഞ്ഞ മെത്രാനായിരുന്നു, കുന്നംകുളം ഭദ്രാസനത്തിന്റെ ഈ പ്രഥമ മെത്രാപ്പോലീത്ത. കാലത്തിന്റെ നിയോഗം തിരുമേനിയെ മലങ്കരസഭയുടെ പരമാദ്ധ്യക്ഷസ്ഥാനത്ത് എത്തിച്ചപ്പോൾ മുൻഗാമിയാൽ വാഴിക്കപ്പെടുന്ന ആദ്യ പൗരസ്ത്യ കാതോലിക്കയെന്ന അപൂർവ്വ ഭാഗ്യവും അദ്ദേഹത്തെ തേടിയെത്തി.

സഭാചരിത്രത്തിലെ ഈ അതിസങ്കീർണ്ണകാലത്ത് **പരിപക്വതയുടെ കപ്പിത്താനായി, തെല്ലും ഉലയാതെ ഒരു ദശകത്തിലേറെ സഭയെ നയിച്ചു.** തീരുമാനങ്ങൾ അചഞ്ചലമായിരുന്നു; നിലപാടുകൾ അടിയുറച്ചതും. നൂറ്റാണ്ടിലേറെക്കാലമായി തുടരുന്ന സഭാതർക്കങ്ങളിൽ സുപ്രീം കോടതി അന്തിമവിധി കല്പിച്ചപ്പോൾ, സമാധാനകല്പനയിലൂടെ മലങ്കരസഭയുടെ വാതിൽ എല്ലാവർക്കുമായി തുറന്നിടാൻ ബാവ തിരുമേനി മടി കാണിച്ചില്ല. ഐക്യത്തിന് വേണ്ടിയാണ് ഊണിലും ഉറക്കത്തിലും അദ്ദേഹം പ്രയത്നിച്ചത്. ഓർത്തഡോക്സ് സഭയ്ക്ക് ആരോടും ശത്രുതയില്ലെന്ന് ബാവ ആവർത്തിച്ചുകൊണ്ടേയിരുന്നു. മൗനത്തെ ധ്യാനത്തിലൂടെ ഉപാസിച്ച അദ്ദേഹത്തിൽ നിന്ന് അവിവേകത്തിന്റെ വീൺവാക്കുകളൊന്നും ഉതിർന്നില്ല. **'ശാശ്വത സമാധാനവും' 'കലഹരഹിതസഭ'യുമായിരുന്നു നീതിയുടെ നിത്യോപാസകനായിരുന്ന അദ്ദേഹത്തിന്റെ താക്കോൽ വാക്കുകൾ**

2011-ലെ സുപ്രധാന ഭരണഘടന ഭേദഗതിയിലൂടെ സ്ത്രീകൾക്ക് സഭാഭരണത്തിൽ പൂർണ്ണ പ്രാതിനിധ്യം നൽകുക വഴി സ്ത്രീശാക്തീകരണത്തിന് പുതിയ മാനങ്ങൾ നൽകുവാനും അവസരസമത്വവും തുല്യനീതിയും ഉറപ്പാക്കുവാനും പരിശുദ്ധ ബാവയ്ക്ക് കഴിഞ്ഞു. മതങ്ങളിലെ സ്ത്രീവിരുദ്ധത അതിനിശിതമായി വിമർശിക്കപ്പെടുന്ന ഇക്കാലത്ത്, **ഓർത്തഡോക്സ് സഭയ്ക്ക് എന്നെന്നും അഭിമാനിക്കാൻ വിപ്ലവകരമായ ഈ മാറ്റം വഴിയൊരുക്കി**

ഇതര മതങ്ങളെയും സഹോദരസഭകളെയും ബാവ തിരുമേനി അർഹമായ ആദരവോടെ കണ്ടു. കാതോലിക്കേറ്റ് പുനഃസ്ഥാപനത്തിന്റെ ശതാബ്ദി സമാപനവേളയിൽ ടിബറ്റൻ ആത്മീയാചാര്യൻ ദലൈ ലാമയെ മുഖ്യാതിഥിയാക്കി ഏവരെയും അതിശയിപ്പിച്ചു. ഫ്രാൻസിസ് മാർപ്പാപ്പയും കാന്റർബറി ആർച്ച് ബിഷപ്പും ഉൾപ്പെടെയുള്ള സഭാനേതാക്കളോടുള്ള ആശയവിനിമയത്തിലൂടെ സഭയുടെ എക്യുമെനിക്കൽ സംരംഭങ്ങൾക്ക് ഊർജ്ജം പകരാൻ അദ്ദേഹത്തിനായി. പുറംമോടികളിൽ വിശ്വസിക്കാതിരുന്ന ബാവ തിരുമേനി മാർപ്പാപ്പയെ സന്ദർശിച്ചപ്പോൾ കുന്നംകുളത്തെ തെളിമലയാളത്തിലാണ് സംസാരിച്ചത്. പാപ്പയോ, അർജന്റീനിയൻ ചുവയുള്ള സ്പാനിഷ് ഭാഷയിലും- നാട്യങ്ങളില്ലാത്ത രണ്ട് സഭാപിതാക്കന്മാർ.

പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ ഐക്യം പരിശുദ്ധ ബാവയുടെ സ്വപ്നവും ലക്ഷ്യവുമായിരുന്നു. അർമീനിയൻ, എത്യോപ്യൻ, ഗ്രീക്ക്, റഷ്യൻ,. കോപ്റ്റിക്, എറിത്രിയൻ സഭാതലവന്മാരുമായി അടുത്ത ബന്ധം സ്ഥാപിക്കാൻ ബാവയ്ക്കായി. പൗരസ്ത്യസഭകളുടെ കൂട്ടായ്മയുടെ പുനരുജ്ജീവനത്തിന് അത് പ്രേരണയായി. പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവയുമായി കൂടിക്കാഴ്ച നടത്തുവാനും ഒരുമിച്ച് പ്രാർത്ഥിക്കുവാനും അവസരം ലഭിച്ചത് അവിസ്മരണീയമായ അനുഭവമായിരുന്നുവെന്ന് ബാവ തിരുമേനി അനുസ്മരിച്ചിട്ടുണ്ട്.

**പൂർണ്ണമായും ഭാരതീയ പൈതൃകത്തിൽ അടിയുറച്ച സഭയെന്ന നിലയിൽ 'ഇന്ത്യൻ ഓർത്തഡോക്സ് സഭ' എന്ന പേരിന് തികച്ചും അർഹതയുള്ള സഭയാണിതെന്ന് പരിശുദ്ധ ബാവ വിശ്വസിച്ചു. സഭാവിശ്വാസികൾ മാർത്തോമൻ പൈതൃകവും വിശ്വാസരീതികളും കൂദാശകളും ആരാധനക്രമവും നിലനിർത്തണമെന്നും അദ്ദേഹം ആഗ്രഹിച്ചു. വിശ്വാസത്തിലും അനുഷ്ഠാനത്തിലും അണുവിട തെറ്റാത്ത സമർപ്പണമായിരുന്നു ആ ജീവിതം.**

ഭാരതീയ പൈതൃകത്തിലും ദർശനത്തിലും അതീവ തല്പരനായിരുന്ന അദ്ദേഹം തൃശ്ശൂരിലെ വിദ്യാർത്ഥി ജീവിതകാലത്ത് പുറനാട്ടുകര ശ്രീരാമകൃഷ്ണമഠത്തിലെ നിത്യസന്ദർശകനായിരുന്നു. മഠത്തിലെ ഗ്രന്ഥശാലയിൽ നിന്നെടുത്തു വായിക്കാനിടയായ 'വിവേകാനന്ദ സാഹിത്യസർവ്വസ്വം' ആണ് തന്നെ പൗരോഹിത്യത്തിലേയ്ക്ക് നയിക്കാനിടയാക്കിയ ഒരു ഘടകമെന്ന് ബാവ തിരുമേനി തുറന്നു പറഞ്ഞിട്ടുണ്ട്. വൈവിദ്ധ്യമാർന്ന ധാരകളിൽ നിന്ന് ആശയങ്ങൾ സ്വാംശീകരിക്കുവാനും അതുവഴി സമന്വയത്തിന്റെയും സഹവർത്തിത്വത്തിന്റെയും ദർശനത്തെ ജീവിതത്തിലേക്ക് പകർത്താനും അദ്ദേഹത്തിന് കഴിഞ്ഞു.

സർവ്വമതങ്ങളേയും അദ്ദേഹം സമഭാവനയോടെ കരുതി ആവശ്യങ്ങളും, ആവലാതികളും കേൾക്കാൻ മതഭേദം തടസ്സമായില്ല. കോതമംഗലം പാറത്തോട്ട് കാവ് ഭഗവതി ക്ഷേത്രത്തിലേയ്ക്കുള്ള വഴി വിശാലമാക്കാൻ ഓർത്തഡോക്സ് ചർച്ച് സെന്ററിന്റെ സ്ഥലം വിട്ടു നൽകുവാൻ നിർദ്ദേശിച്ചത് പരിശുദ്ധ ബാവയായിരുന്നല്ലോ.

ധൈഷണികതയെ അലങ്കാരമായി എടുത്തണിയാറില്ലെങ്കിലും അദ്ദേഹം ധാരാളം വായിക്കുകയും അറിയുകയും എഴുതുകയും ചെയ്തിരുന്നു. എം.ടി.യുടെ നോവലുകളും നമ്പൂതിരിയുടെ വരകളും അദ്ദേഹത്തിന് അന്യമായിരുന്നില്ല! മരുഭൂമിയിലെ വിരുന്നുഭോജനം, വചനം വിടരുന്നു, വിനയസ്മിതം, നിഷ്കളങ്കതയുടെ സൗന്ദര്യം, അനുഭവങ്ങൾ ധ്യാനങ്ങൾ, ജീവിതക്കാഴ്ചകൾ എന്നീ വിശിഷ്ടഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചു. ഉദാത്തമായ മനുഷ്യസ്നേഹം തന്നെയായിരുന്നു ഈ ഗ്രന്ഥങ്ങളുടെയെല്ലാം കാതൽ. 'പൈതൃകം മലങ്കര സഭാ സാഹിതീ സരണി' യെന്ന പ്രസാധക സംരംഭത്തിലൂടെ സ്വർഗ്ഗസ്ഥരായ സഭാംഗങ്ങളുടെ പുസ്തകങ്ങൾ പുനഃപ്രസിദ്ധീകരിക്കുവാനും ഈ പുസ്തകസ്നേഹിതൻ അവസരമൊരുക്കി.

സഭയെപ്പോലെ സമൂഹത്തെയും ശുശ്രൂഷിച്ച, മാനവസ്നേഹത്തിന്റെ മഹാപുരോഹിതനായിരുന്നു പരിശുദ്ധ ബാവ. പരുമല സെന്റ് ഗ്രിഗോറിയോസ് ഇന്റർനാഷണൽ കാൻസർ കെയർ സെന്ററിന്റെ പൂർത്തീകരണത്തിലൂടെ **ആതുരശുശ്രൂഷയെ ആത്മീയ ശുശ്രൂഷയാക്കി മാറ്റുകയായിരുന്നു ബാവ തിരുമേനി.** വിശക്കുന്നവന് അന്നമായും വേദനിക്കുന്നവന് സാന്ത്വനമായും രോഗബാധിതന് മരുന്നായും ബാവയുടെ കാരുണ്യം ആയിരക്കണക്കിന് മനുഷ്യരുടെ സഹനങ്ങളിലേയ്ക്ക് ആശ്വാസമായെത്തി. ഒരിക്കൽ അദ്ദേഹം പറഞ്ഞുവല്ലോ, ''വലിയ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നത് നല്ലത് തന്നെയാണ്.. പക്ഷേ, അതിനിടയിൽ ക്രിസ്തീയ ദൗത്യം കാണാതെ പോകരുത്. എന്താണ് ആ ദൗത്യം? ഏറ്റവും എളിയവനെ കൈപിടിച്ച് നടത്തുക. മനുഷ്യന് ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ ഉറപ്പാക്കുന്നത് ഒരിക്കലും മറന്നു പോകാൻ പാടില്ല''. 'സ്നേഹസ്പർശം', 'സഹായഹസ്തം', 'സ്നേഹത്തണൽ', 'സ്രോതസ്സ്' തുടങ്ങിയ എത്രയോ സമാശ്വാസ പദ്ധതികൾ. മദ്യത്തിനും ലഹരി മരുന്നിനുമെതിരെയുള്ള നിരന്തരമായ പ്രവർത്തനങ്ങൾ. അരികുകളിലേക്ക് ചുരുങ്ങപ്പെട്ടവരെ ചേർത്ത് പിടിക്കുകയായിരുന്നു ബാവ. സൈബർ അടിമത്തത്തിനെതിരെ 'സൈബർ ഫാസ്റ്റ്' പോലും ആചരിച്ചു അദ്ദേഹം.

മലങ്കരസഭയുടെ നാഥനായിരിക്കുമ്പോഴും സാധാരണക്കാരിൽ സാധാരണക്കാരനായിരുന്നു ബാവാ തിരുമേനി. സമൂഹത്തിലെ ഏത് തട്ടിൽ ജീവിക്കുന്നവർക്കും ഒരുപോലെ പ്രാപ്യനും. ആ വിയോഗത്തിൽ വേദനിച്ചവരിൽ ആർത്താറ്റിലെ അതിസാധാരണക്കാർ മുതൽ അമേരിക്കൻ പ്രസിഡന്റ് വരെയുണ്ടായിരുന്നുവല്ലോ.

കുട്ടികളായിരുന്നു കൂട്ടുകാർ. ശിശുക്കളെ വിശുദ്ധരായി കരുതി. അവരോടൊപ്പം എത്ര സമയം വേണമെങ്കിലും ചെലവഴിക്കാൻ മടിയില്ലായിരുന്നു. നാമേവരുടെയും മനസ്സിലെ ഓർമ്മച്ചിത്രത്തിൽ **സാന്ത്വനത്തിലെ കുരുന്ന് ആദിത്യനാൽ 'അനുഗ്രഹീതനാ'കുന്ന ബാവയുമുണ്ടല്ലോ.** സാന്ത്വനമക്കൾ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാരായ കുട്ടികളോടൊപ്പം ആഹാരം കഴിച്ചും അവരുടെ കലാപ്രകടനങ്ങൾക്ക് കയ്യടിച്ചുമാണ് ബാവ എഴുപതാം പിറന്നാൾ ആഘോഷമാക്കിയത്. തീർച്ചയായും ബറാക് ഒബാമയുടെ പിറന്നാൾ ആശംസയേക്കാൾ അദ്ദേഹത്തെ സന്തോഷിപ്പിച്ചിരിക്കുക ഈ കുഞ്ഞുങ്ങളുടെ സാന്നിദ്ധ്യം തന്നെയാകും.

**ആദ്യകാലം തൊട്ടേ സാന്ത്വനത്തെ ബാവ തിരുമേനി വാക്കിലൂടെയും പ്രവൃത്തിയിലൂടെയും വഴി നടത്തി. പ്രോത്സാഹനജനകമായ ആ വാക്കുകൾ നൽകിയ പിന്തുണ ഞങ്ങൾക്ക് വിലമതിക്കാനാവാത്തതായിരുന്നു. ആത്മീയ തേജസ്സാർന്ന ആ പുഞ്ചിരി തന്നെയായിരുന്നു ഞങ്ങളുടെ ഊർജ്ജവും പ്രചോദനവും.**

മലങ്കരസഭയിലും പൊതുസമൂഹത്തിലും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ പതിപ്പിച്ച എളിമയുടെയും സമർപ്പണത്തിന്റെയും പാദമുദ്രകളെ കാലം കൂപ്പുകൈകളോടെ ആദരിക്കുകയേ ഉള്ളൂ. ആ കർമ്മസപര്യയുടെ ആത്മീയ സുഗന്ധം തലമുറകളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കും. മാനവസേവയെ മഹോന്നതന്റെ സേവയാക്കി പരിവർത്തിപ്പിച്ച ആ ശ്രേഷ്ഠാചാര്യന്റെ ഓർമ്മകൾ നമുക്ക് മാർഗ്ഗതാരകമായി വരുംകാലത്തും പ്രകാശം ചൊരിഞ്ഞുകൊണ്ടേയിരിക്കും.

# വാർഷിക റിപ്പോർട്ട് 2019–2020

## വാർഷിക ആഘോഷങ്ങൾ



സാന്ത്വനം സ്പെഷ്യൽ സ്കൂളിന്റെ 11-ാമത് വാർഷികാഘോഷം "കനിവ് " 2019 മെയ് 14 ന് സ്ഥാപക പ്രസിഡന്റും രക്ഷാധികാരിയുമായ പൗരസ്ത്യ കാതോലിക്ക മോറാൻ മാർ ബാസേലിയോസ് മാർതോമ പൗലോസ് ദ്വിതീയൻ തിരുമനസ്സിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ജഡ്ജി സി. കെ. അബ്ദുൾ റഹീം ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു.

## തെറാപ്പി സെന്റർ

ഓട്ടിസം കുട്ടികളുടെ ബുദ്ധിവികാസനത്തിനും ഏകാഗ്രത വർദ്ധനവിനും സന്തുലിത സെൻസറി ഉത്തേജനത്തിനും ഉതകുന്ന അത്യാധുനിക സെൻസറി ഉപകരണങ്ങളോട് കൂടിയ 'ഡെവലപ്മെന്റ് തെറാപ്പി' വിഭാഗവും കൂടുതൽ സജ്ജീകരണങ്ങളോടെയുള്ള ഫിസിയോതെറാപ്പി വിഭാഗവും ഉൾപ്പെടുന്ന '**തെറാപ്പി സെന്റർ**' ഭാഗ്യസ്മരണാർഹനായ **ഡോക്ടർ ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമനസ്സിലെ** സ്മരണയ്ക്കായും സാന്ത്വനം സ്പെഷ്യൽ കുട്ടികളുടെ ഉന്നമനത്തിനായും സമർപ്പിച്ചുകൊണ്ട് പ്രത്യേക പ്രാർത്ഥനയോടെ, കൂദാശ ചെയ്ത്, പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് **"മാർ തെയോഫിലോസ് തെറാപ്പി സെന്റർ"** എന്ന് നാമകരണം ചെയ്ത് ഉദ്ഘാടനം ചെയ്തു.

## വാർഷിക സമ്മേളനം

തുടർന്ന് നടന്ന വാർഷിക സമ്മേളനത്തിൽ പരിശുദ്ധ ബാവ തിരുമനസ്സിലെ അനുഗ്രഹവചനങ്ങൾ, ജസ്റ്റിസ് അബ്ദുൾ റഹീം അവർകളുടെ ഉജ്ജ്വല പ്രഭാഷണം, മലങ്കര ഓർത്തഡോക്സ് സഭാ സെക്രട്ടറി അഡ്വക്കേറ്റ് ബിജു ഉമ്മൻ അവർകളുടെ പ്രഭാഷണം, ട്രഷറർ വന്ദ്യ മത്തായി ഇടയനാൽ കോർ എപ്പിസ്കോപ്പ, വന്ദ്യ തോമസ് പോൾ റമ്പാൻ, ശ്രീ. കെ. വി. തോമസ് (മുനിസിപ്പൽ കൗൺസിലർ), വൈസ്പ്രസിഡന്റ് ഡോക്ടർ ജേക്കബ് ഇട്ടൂപ്പ് എന്നിവരുടെ ആശംസ പ്രസംഗങ്ങൾ, എല്ലാ സാന്ത്വനം കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓപ്പണിംഗ് ഡാൻസ്, മറ്റു കലാപരിപാടികൾ, എല്ലാം സദസ്യരെ ഉത്സുകരാക്കി.

2018-ൽ ഉണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് പരി. ബാവാ തിരുമേനിയുടെ നിർദ്ദേശപ്രകാരം പുനരുദ്ധാരണ ഫണ്ടായി 5 ലക്ഷം രൂപ സഭാ സെക്രട്ടറി ശ്രീ ബിജു ഉമ്മൻ അയച്ചുതന്നത് കൃതഞ്ജതയോടെ രേഖപ്പെടുത്തുന്നു.

## സ്കൂൾ റീ-ഓപ്പണിംഗ്

2019 ജൂൺ 6 ന് പുതിയ സ്കൂൾ വർഷം ആരംഭിച്ചു. അവധി കഴിഞ്ഞ് ഉത്സാഹത്തോടെ സ്കൂളിൽ വന്ന കുട്ടികളെ അദ്ധ്യാപകരും ഗവേണിംഗ് ബോർഡ് അംഗങ്ങളും മറ്റ് അതിഥികളും ചേർന്ന് മേളമായ് സ്വീകരിച്ചു. അങ്കമാലി ഭദ്രാസനവൈദീകസംഘം സെക്രട്ടറി വന്ദ്യ സി.എ. പൗലോസ് അച്ചന്റെ ആശംസയോടും സമർപ്പണ പ്രാർത്ഥനയോടും കൂടെ ക്ലാസ്സുകൾ ആരംഭിച്ചു.

## പി.റ്റി.എ.

സ്പെഷ്യൽ കുട്ടികളുടെ സംരക്ഷണവും വിദ്യാഭ്യാസവും വ്യക്തിത്വ വികസനവും ലാക്കാക്കി രക്ഷാകർത്താക്കൾക്കായി പി.റ്റ.എ.യുടെ ആഭിമുഖ്യത്തിൽ ക്ലാസ്സുകളും ചർച്ചകളും നടന്നു.

ക്രിയേറ്റീവ് പാരന്റിംഗ് -"സൃഷ്ടിപരവും പരിപോഷകവുമായ രക്ഷകർത്ത്യത്വം എന്ന ആശയം ഫലപ്രദമായി രക്ഷകർത്താക്കളിലേക്ക് ആവാഹിച്ചുകൊണ്ട് അങ്കമാലി FISAT എഞ്ചിനീയറിംഗ് കോളേജിലെ ജിബി വർഗീസ് സാറിന്റെ നേതൃത്വത്തിലുള്ള സംഘം രക്ഷാകർത്താക്കളുടെ ചിന്തകളെയും സമർപ്പണത്തെയും ഉത്തേജിപ്പിച്ചു.

അദ്ധ്യാപകരിലും രക്ഷാകർത്താക്കളിലും ഏറെ വീക്ഷണവിശാലത ഉണ്ടാകുവാൻ ഈ ക്ലാസ്സ് ഉപകരിച്ചു.

## ഫ്ളവേഴ്സ് ടോപ് സിംഗർ പ്രോഗ്രാം




പ്രിയരായ ജൂണോയും, മനുവും പ്രത്യേക ക്ഷണപ്രകാരം പങ്കെടുത്ത് പ്രശംസ നേടി. എം.ജി. ശ്രീകുമാറിനെഒന്ന് തൊടണം എന്ന് ആഗ്രഹിച്ച ജൂണോയെ ശ്രീകുമാർ കെട്ടിപ്പിടിച്ച് അനുമോദിച്ചു. "എന്റെ ഹൃദയം വിതുമ്പുകയാണ്" ഗദ്ഗദത്തോടെ ശ്രീകുമാർ.

"സമ്പൂർണ്ണമായിട്ടുള്ള ബ്ലെസ്സിഗ്സ് ജൂണോക്കും, മനുവിനും ഒരു കാര്യത്തിൽ മാത്രം ഇവർക്കുള്ള **Focus & Determination** ഏറെ ആണ്". ശ്രീകുമാറിനോട് ചേർന്ന് എം. ജയചന്ദ്രനും, പിന്നണി ഗായകരായ സിത്താരയും, വിധുപ്രതാപും ഈ മക്കളെ പുകഴ്ത്തി അനുമോദിച്ചു.

## ചികിത്സാ സഹായം

ബാവാ തിരുമേനിയെ ശ്ലീബാ മുത്തിച്ച ആദിത്യൻ രാമചന്ദ്രൻ എന്ന വാത്സല്യവാന്റെ ഹൃദയശസ്ത്രക്രിയ ചികിത്സയ്ക്ക് ഇന്ത്യൻ ഓർത്തഡോക്സ് ഫെലോഷിപ്പ് (IOMF, Kuwait), ശ്രീ സജി വർഗീസ് വഴി 80000 രൂപയും അങ്കമാലി മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ നിന്നും ശ്രീ പി.വി. ബഹനാൻ വഴി 10000 രൂപയും നൽകി സഹായിച്ചു. കൃതഞ്ജത രേഖപ്പെടുത്തുന്നു.

## ഓണാഘോഷം

06-09-2019 ൽ സ്പെഷ്യൽ സ്കൂൾ കുട്ടികളുടെ ഓണാഘോഷ പരിപാടികൾ ഡോക്ടർ ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപൊലീത്ത ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ പരിപാടികൾ തിരുമേനി ഏറെ ആസ്വദിക്കുകയും അവരോട് ചേർന്ന് പങ്കെടുത്ത് അവരെ ധന്യരാക്കുകയും ചെയ്തു. കുട്ടികൾക്ക് ഉല്ലാസത്തിനായി Play_park നിർമ്മിക്കുവാൻ തിരുമേനി സാമ്പത്തിക സഹായം ചെയ്തു.

## നൂതനസജ്ജീകരണങ്ങൾ



സ്പെഷ്യൽ സ്കൂൾ കുട്ടികളുടെ ഉല്ലാസത്തിനും കായിക പരിപോഷണത്തിനും ഉതകുന്ന RIDERS സ്ഥാപിച്ച **"ജ്യോതിസ് പ്ലേ പാർക്ക്"** ഗവേർണിംഗ് ബോർഡ് അംഗങ്ങളും, വന്ദ്യ മത്തായി ഇടയനാൽ അച്ചനും ആശിർവദിച്ച് ഉദ്ഘാടനം ചെയ്തു.

## ക്രിസ്തുമസ്

2019-ലെ ക്രിസ്തുമസ് ആഘോഷപരിപാടികൾ നെല്ലിക്കുഴി Peace Valley Charitable Foundation" ചെയർമാൻ പി. എം. അബൂബക്കർ ഉദ്ഘാടനം ചെയ്തു. വന്ദ്യ തോമസ് പോൾ റമ്പാൻ സന്ദേശം നൽകി.

## Adaptive Training Systems


സുധീർ ശക്തൻ

സ്പെഷ്യൽ സ്കൂൾ കുട്ടികളുടെ മാനസികവും ബുദ്ധിപരവുമായ ഉത്തേജനത്തിന് ഉതകുന്ന Adaptive Training System രണ്ടെണ്ണം ഈ വർഷത്തെ പ്രത്യേക ക്രമീകരണങ്ങൾ ആണ്. 1,50,000/- രൂപ വീതം വിലവരുന്ന ഈ **അത്യാധുനിക ട്രെയിനിംഗ് സിസ്റ്റം, ശ്രീ സുധീർ ശക്തൻ സാറിന്റെ നിർമ്മിതിയും, ശ്രീ സക്കീർ കോയ (ദുബായ്) ശ്രീ. സുനിൽ വി. ഉമ്മൻ (അങ്കമാലി) എന്നിവരുടെ സംഭാവനയുമാണ്.**


സക്കീർ കോയ



## Out Going Programmes

M.G.M. College of Engineering Pambakuda, Miss Kerala Competition for Differently Abled Girls,. Thrissur, Onam Celebration at Inchoor YOUNG STARS CLUB, Childrens Day Programme Ernakulam, പൂനിലാമഞ്ഞ് ക്രിസ്തുമസ്സ് കരോൾഗാനമത്സരം കോടനാട്, കരോൾ ഗാനമത്സരം കലാ ഓഡിറ്റോറിയം, മിനി ടൂർ to ഭൂതത്താൻകെട്ട്, ഭാവന-2020 രാജഗിരി കാക്കനാട്, കൾച്ചറൽ പ്രോഗ്രാം (ശ്രീനാരായണ കോളേജ്, പൈങ്ങോട്ടൂർ) എന്നീ വിവിധ പരിപാടികളിൽ സാന്ത്വനം കുട്ടികൾ പങ്കെടുത്ത് പ്രോത്സാഹനവും പ്രശംസയും നേടി.

***സംഘാടകർക്ക് ഏറെ നന്ദി.***

### 2020 മാർച്ച് 10 വരെ ക്രമമായി ക്ലാസ്സുകളും പരിശീലനവും തുടർന്നു

ലോകമെമ്പാടും വ്യാപിച്ച 'കോവിഡ്-19' കാരണം മാർച്ച് 10 നു ശേഷം ക്യാമ്പസ് പരിപാടികൾ തുടരുവാൻ സാധിച്ചില്ല. വാർഷികയോഗങ്ങളോ, ആഘോഷങ്ങളോ നടക്കുവാൻ ഇടയായില്ല. 2020 - 2021 ൽ സ്കൂളിൽ റഗുലർ ക്ലാസ്സുകൾ ഉണ്ടായിട്ടേ ഇല്ല. ഈ കാലഘട്ടത്തേക്കുള്ള "തേൻകൂട്" എന്ന പ്രത്യേക പദ്ധതിപ്രകാരം കുട്ടികളുടെ പഠനവും പരിപോഷണവും അദ്ധ്യാപകരുടെ മേൽനോട്ടത്തിലും, രക്ഷാകർത്താക്കളുടെ ഭാഗഭാഗിത്തത്തിലും Online നടന്നുകൊണ്ടേയിരിക്കുന്നു. സ്കൂൾ തുറന്ന് സാധാരണ നിലയിലുള്ള പ്രവർത്തനങ്ങൾ തുടരുവാൻ ആകാംക്ഷയോടെ നോക്കിയിരിക്കുന്നു. സ്കൂൾ വാർഷികാഘോഷങ്ങൾ നടത്തുവാൻ സാധിച്ചില്ല എന്ന ഖേദം രേഖപ്പെടുത്തുന്നു.

**മാർ ബസേലിയോസ് ഔഗേൻ" ചാരിറ്റബിൾ "ഫൗണ്ടേഷൻ"( Reg. No. ER 495/08) ന്റെ ആഭിമുഖ്യത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി, പരിശുദ്ധ കാതോലിക്ക ബാവാ തിരുമനസ്സുകൊണ്ട് കോതമംഗലത്ത് സ്ഥാപിച്ച് അനേകം അനേകം മഹത്വ്യക്തികളായവരുടെ സഹായത്താലും പ്രോത്സാഹനത്താലും നടന്നുവരുന്ന സ്ഥാപനമാണ് സാന്ത്വനം *സ്പെഷ്യൽ* സ്കൂൾ.**

ഈ പ്രവർത്തനങ്ങളോട് ചേർന്ന് നില്കുന്ന എല്ലാവരോടും, നിസ്വാർത്ഥ സേവനം എന്ന ലക്ഷ്യം മാത്രം ശ്രദ്ധിച്ചുകൊണ്ട് പ്രവർത്തിക്കുന്ന അദ്ധ്യാപകരോടും ഉള്ള കൃതജ്ഞത അർപ്പിച്ചു കൊള്ളുന്നു.


Address : Santwananm Special School,
Block Office Road, Kothamangalam, Pin - 686 691

: www.santwanam.org

: maraugenfoundation@gmail.com

YouTube : https://www.youtube.com/cgannel/UCDkwErYB4Nt6z73xVez4KcQ

: https://www.facebook.com/Santwanam-Special-School-862083637215387/?ti=as

Bank Details : State Bank of India, Kothamangalam Town Branch
SB A/c No. 670 693 603 10

IFSC : SBIN0070149


***NB: സംഭാവനകൾ ബാങ്ക് വഴി അയക്കുന്നവർ അറിയിപ്പ് നൽകണമേ***

# അദ്ധ്യയനവർഷം 2020 – 2021

**കു**ട്ടികൾക്ക് സ്കൂളിൽ വന്ന് പരിശീലനം നേടുവാൻ സാധിക്കാതെ ഉള്ള കാലഘട്ടത്തിലേക്കായി, **SCERT സുധീർ ശക്തൻ** എന്നിവരുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള **"തേൻകൂട്"** എന്ന പാഠ പദ്ധതി അനുവർത്തിച്ച് കുട്ടികളെയും രക്ഷകർത്തക്കളെയും സ്മാർട്ട്ഫോൺ വഴി ബന്ധപ്പെട്ട് പരിശീലനം കൊടുത്തുവരുന്നു.

ഫോൺ ഇല്ലാത്ത ഏതാനും കുട്ടികൾക്ക് പലരുടെയും സഹകരണത്തോടെ സെക്രട്ടറി മാത്യു വർഗീസ് സ്മാർട്ട്ഫോണുകൾ വാങ്ങി കൊടുത്തു.

### മാർ ബാസേലിയോസ് ഔഗേൻ ചാരിറ്റബിൾ ഫൗണ്ടേഷൻ വാർഷിക യോഗം

മാർ ബാസേലിയോസ് ഔഗേൻ ചാരിറ്റബിൾ ഫൗണ്ടേഷൻ (രജി. 495/08) 2019-2020 വർഷത്തെ വാർഷികയോഗം Google meet ആയി 2020 ഡിസംബർ 15-ന് കൂടി. 43 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

1. **പരിശുദ്ധ ബാവാ തിരുമനസ്സിലെ സാന്ത്വനം സ്പെഷ്യൽ സ്കൂളിനുള്ള അനുഗ്രഹ സന്ദേശം.**

സ്ഥാപകനും, പേട്രനും, പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ മോറാൻ **മാർ ബാസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ തിരുമനസ്സിലെ** അനുഗ്രഹ സന്ദേശം ഓൺലൈൻ ആയി എല്ലാവരും ശ്രദ്ധയോടെ കേട്ടു.

## വാർഷിക റിപ്പോർട്ട് 2020-2021

2020 മാർച്ച് മാസത്തിൽ ആരംഭിച്ച് ലോകമെമ്പാടും ബാധിച്ച പകർച്ചവ്യാധി കൊറോണ - 19 മൂലം 2020 മാർച്ച് 10 മുതൽ മറ്റെല്ലാ സ്കൂളുകളും പോലെ കോതമംഗലം സാന്ത്വനം സ്പെഷ്യൽ സ്കൂളിലും പ്രവർത്തനനിരത പാലിക്കുവാൻ സാധിച്ചില്ല എന്ന സങ്കടകാര്യം മുന്നമേ പ്രസ്താവിക്കട്ടെ.

**സ്കൂൾ വാർഷികവും, മാർ ബാസേലിയോസ് ഔഗൻ ചാരിറ്റബിൾ ഫൗണ്ടേഷൻ (രജി. നം. ER 495/06) വാർഷിക പൊതുയോഗവും 2020 മെയ്മാസത്തിൽ നടത്തുവാൻ നിശ്ചയിച്ചിരുന്നു എങ്കിലും നടത്തുവാൻ സാധിച്ചില്ല.**

2019-2920 -ലെ ഔദ്യോഗിക വാർഷിക പൊതുയോഗം, Google meet ആയിട്ട് 2020 ഡിസംബർ 12 ന് കൂടി. വാർഷിക റിപ്പോർട്ട്, വാർഷിക കണക്കുകൾ എന്നിവ അംഗീകരിക്കുകയും, 2020-2021 വർഷത്തേക്കുള്ള ഭാരവാഹികളേയും ഗവേണിംഗ് ബോർഡ് അംഗങ്ങളേയും, ഓഡിറ്റേഴ്സിനേയും നിശ്ചയിക്കുകയും ചെയ്തു.

2020 മാർച്ച് 10 നു ശേഷവും 2020-2021 അദ്ധ്യയനവർഷം മുഴുവനായും കുട്ടികൾക്ക് സ്കൂളിൽ വരുവാൻ സാഹചര്യം ഇല്ലാതെ പോയി.

### "തേൻകൂട്" പഠനപദ്ധതി

ഭവനത്തിലെ സൗകര്യങ്ങളും എളുപ്പം ലഭ്യമാക്കാവുന്ന സാമഗ്രികളും ഉപയോഗിച്ചു ചെയ്യുവാൻ പറ്റുന്ന രസകരമായ തുടർപ്രവർത്തനങ്ങളിലൂടെ, സ്പെഷ്യൽ കുട്ടികളുടെ ശാരീരികവും മാനസീകവുമായ അഭ്യസനങ്ങൾ മൂലം അവർക്ക് പ്രചോദനം ഉണ്ടാകത്തക്കവണ്ണം SCERT യുടെ ആഭിമുഖ്യത്തിൽ ശ്രീ സുധീർ ശക്തൻ, ശ്രീ സക്കീർ കോയ എന്നീ രണ്ട് മഹത്വ്യക്തികളുടെ ശ്രമഫലമായി രൂപീകരിച്ച "തേൻകൂട്" എന്ന പഠനപദ്ധതിപ്രകാരം "ഓൺലൈൻ" ആയി സാന്ത്വനം സ്പെഷ്യൽ സ്കൂളിലെ കുട്ടികളുടെ പരിശീലനം തുടർച്ചയായി നടത്തിവരുന്നു.




ഈ പരിശീലനപരിപാടിയിൽ സ്പെഷ്യൽ കുട്ടികളുടെ മാതാപിതാക്കന്മാരും സഹോദരങ്ങളും അവരോട് ചേർന്ന് നിന്ന് പ്രോത്സാഹനം കൊടുത്ത് കുട്ടികളെ ഭാഗഭാക്കാക്കി. ഈ കുട്ടികളെ സ്നേഹിക്കുന്ന അയൽക്കാരും കൂട്ടുകാരും ഈ പദ്ധതിയിൽ കുട്ടികളോട് ചേർന്ന് അവരെ പ്രോത്സാഹിപ്പിച്ചു എന്നത് പ്രത്യേകം പ്രശംസയർഹിക്കുന്നു.

ഏറെ പ്രയോജനകരമായ ഈ **തേൻകൂട്** പദ്ധതി ആവിഷ്കരിച്ച **സുധീർ ശക്തൻ, സക്കീർകോയ** എന്നിവരെ അനുമോദിക്കുന്നു. ഈ പഠനപദ്ധതി നടപ്പിലാക്കുവാൻ സഹകരിച്ച മാതാ പിതാക്കളോടും സഹോദരങ്ങളോടും നന്ദിയോടെ അഭിനന്ദനം അറിയിക്കുന്നു.

ഈ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ച എല്ലാവരേയും പ്രത്യേകിച്ച് സ്പെഷ്യൽ സ്കൂൾ പ്രവർത്തനരംഗത്ത് ഏറെ സമർപ്പണത്തോടെ നേതൃത്വം നല്കുന്ന **"സുശീല കുര്യച്ചൻ"** അവർക ളെയും സ്പെഷ്യൽ എഡ്യുക്കേഷൻ രംഗത്ത് ഉദാത്തമായ നേതൃത്വം നല്കിക്കൊണ്ടിരിക്കുന്ന **ഫാദർ റോയി വടക്കേൽ, ഫാദർ റോയി കണ്ണൻചിറ** എന്നിവരേയും അഭിനന്ദിക്കുന്നു.

**"തേൻകൂട്"** എന്ന പഠനപദ്ധതിയുടെ എറണാകുളം, ആലപ്പുഴ ജില്ലകളുടെ "Help Desk" ചുമ തലയിൽ രണ്ട് ജില്ലകളിലേയും അദ്ധ്യാപകർക്ക് **"തേൻകൂട്ടിൽ"** പരിശീലനം നൽകാൻ ചുമതലപ്പെട്ട നമ്മുടെ **പ്രിൻസിപ്പൽ ആതിരകൃഷ്ണനെ** അഭിനന്ദിക്കുന്നു.

സാന്ത്വനം സ്പെഷ്യൽ സ്കൂളിൽ "തേൻകൂട്"പഠനപദ്ധതി ഭംഗിയായി നടപ്പിലാക്കിയ ഇവി ടത്തെ അദ്ധ്യാപകരെ അനുമോദിക്കുന്നു. രക്ഷാകർത്താക്കളുടെ ജോലിത്തിരക്കിന്റെ ഇടവേളകൾ നോക്കി അവരെ ഉൾപ്പെടുത്തി കുട്ടികളെ **"തേൻതുള്ളി"**കളാക്കി അദ്ധ്യാപകർ നിരന്തരം പ്രവർത്തിച്ചു.

### "ഭാവന" ഓൺലൈൻ മത്സരം

റോട്ടറി ക്ലബ് കൊച്ചിൻ" നടത്തിയ "**ഭാവന-2021**"എന്ന കൾച്ചറൽ പ്രോഗ്രാമിൽ സാന്ത്വനം കുട്ടികളെ ഓൺലൈൻ ആയി പങ്കെടുപ്പിച്ചു. **സാന്ത്വനം സ്കൂളിലെ അദ്ധ്യാപകരേയും കുട്ടികളേയും** അഭിനന്ദിക്കുന്നു. വർഗീസ് ബെന്നി സോളോ സോംഗ് ഇനത്തിലും, ബിന്റോ അവറാച്ചൻ ഫാൻസിഡ്രസ്സ് ഇനത്തിലും സമ്മാനം നേടി. രണ്ടുപേരേയു, പങ്കെടുത്ത എല്ലാവരേയും, അവരെ ഒരുക്കിയ രക്ഷാകർത്താക്കളെയും പ്രോത്സാഹിപ്പിച്ച അദ്ധ്യാപകരെയും അനുമോദിക്കുന്നു.




വർഗീസ് ബെന്നി ബിന്റോ അവറാച്ചൻ

### Awareness of legal guardianship and Niramaya





Awareness of legal guardianship and Niramaya Insurance Kerala Social Justice Department ന്റെ നേതൃത്വത്തിൽ 18 വയസ്സ് കഴിഞ്ഞ "സ്പെഷ്യൽ കുട്ടികൾക്ക്" Legal Guardianship, അവർക്കായുള്ള നിരാമയ ഇൻഷുറൻസ് എന്നീ കാര്യങ്ങളിൽ രക്ഷാകർത്താക്കളെ ഉത്സുകരാക്കുന്നകതിനും, Legal Guardianship ഏർപ്പെടുത്തുന്ന തിനും ഇൻഷുറൻസിൽ ചേർക്കുന്നതിനും വേണ്ടി കേരള സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ സാന്ത്വനം സ്പെഷ്യൽ സ്കൂളിൽ വച്ച് ഒരു ബോധനപരിപാടിയും, ഗാർഡിയൻഷിപ്പ് ചേർക്കൽ, ഇൻഷുറൻസ് ചേർക്കൽ നടപടിയും 2021 ഫെബ്രുവരി 10 ന് സാന്ത്വനം സ്പെഷ്യൽ സ്കൂളിൽ വച്ച് നടത്തി.

ജില്ലാ സോഷ്യൽ ജസ്റ്റിസ് ഓഫീസർ ശ്രീ. ജോൺ ജോഷി ശ്രീമതി എലിസബത്ത് ഫിലിപ്പ് (പ്രിൻസിപ്പൽ രക്ഷാ സൊസൈറ്റി) ശ്രീ റെക്സ് എന്നിവർ ഈ പരിപാടികൾക്ക് നേതൃത്വം നൽകി. മുനിസിപ്പൽ കൗൺസിലർ അഡ്വ. ജോസ് വർഗീസ് പരിപാടി ഉദ്ഘാടനം ചെയ്തു.


### "AWAKE" Programme

മാന്നാനം K.E. College February 26, 27 തീയതികളിൽ ഓൺലൈൻ ആയി നടത്തിയ Cultural Programme-ൽ സാന്ത്വനം സ്പെഷ്യൽ സ്കൂൾ കുട്ടികൾ 7 ഇനങ്ങളിൽ സജീവമായി പങ്കെടുത്തു


വിസ്മയ രാധാകൃഷ്ണൻ


ഷഹനാസ് ഇസ്മയിൽ


മാർളി മത്തായി


നിശാന്ത് സി. ഇ.


സിനി ടി. സി.

## സർക്കാരിൽ നിന്നുള്ള സഹായം

"കൊറോണ" കാലഘട്ടത്തിൽ സർക്കാരിൽ നിന്നും എല്ലാ കുട്ടികൾക്കും "കിറ്റ്" 2 പ്രാവശ്യം ലഭിച്ചത് നന്ദിയോടെ രേഖപ്പെടുത്തുന്നു.

## മലങ്കര സഭയുടെ പ്രത്യേക സഹായം

സാന്ത്വനം സ്പെഷ്യൽ സ്കൂളിലെ അമലാ മാത്യു, ബിന്റോ അവറാച്ചൻ, വർഗീസ് ബെന്നി, അതുൽ ശിവൻ, അപർണ്ണ സി.എസ്., മേരി ഡാജിനി എന്നീ കുട്ടികൾക്ക് ഈ കാലഘട്ടത്തിൽ **ആയിരം രൂപ വീതം സഹായനിധി** സഭയിൽ നിന്നും നൽകുകയുണ്ടായി എന്നത് നന്ദിയോടെ സ്മരിക്കുന്നു.

## അദ്ധ്യാപകരുടെ പ്രവർത്തനങ്ങൾ

"**തേൻകൂട്**" പദ്ധതിപ്രകാരം "ഫോൺ" വഴി കുട്ടികളെ ഉത്സുകരാക്കുന്നതിൽ കുട്ടികളുടെ രക്ഷാകർത്താക്കളുടെ സമയസൗകര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നിരന്തരം പ്രവർത്തിച്ചു"**തേൻകൂട്**" ആസ്വാദ്യമാക്കിയ അദ്ധ്യാപകരെ അനുമോദിക്കുന്നു. നിരന്തരം "**തെറാപ്പി**" ആവശ്യമായിരിക്കുന്ന കുട്ടികൾക്ക് സ്കൂളിൽ വരുത്തി ഫിസിയോതെറാപ്പി നൽകി പരിപോഷിപ്പിക്കുന്നതിന് ഉദ്യമിച്ച **ഫിസിയോതെറാപ്പിസ്റ്റ് ബിന്ദുടീച്ചറേയും, ഡെവലപ്മെന്റ് തെറാപ്പിസ്റ്റ് താജ് നിസ ടീച്ചറെയും** അനുമോദിക്കുന്നു.

## ജനറൽ ബോഡിയോഗം

**"മാർ ബസേലിയോസ് ഔഗേൻ ചാരിറ്റബിൾ ഫൗണ്ടേഷൻ" ഔദ്യോഗിക ജനറൽ ബോഡി** യോഗവും സാന്ത്വനം സ്പെഷ്യൽ സ്കൂളിന്റെ വാർഷിക സമ്മേളനവും മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബാസേലിയോസ് മാർ തോമ പൗലോസ് ദ്വിതീയർ ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തിക്കൊണ്ടിരുന്നതാണല്ലോ. കഴിഞ്ഞവർഷം സ്കൂൾ വാർഷികാഘോഷങ്ങൾ നടത്തുവാൻ ഇടയായില്ല. ഈ വർഷവും അങ്ങിനെയുള്ള പരിപാടികൾ നടത്തുവാൻ സാധിക്കുന്നില്ലല്ലോ. കുട്ടികളുടെ വിവിധ പരിപാടികൾക്ക് അവരെ പരിശീലിപ്പിക്കലും നടത്തുവാൻ സാധിച്ചില്ല. ഇതൊക്കെയും ഈ കൊറോണ കാലഘട്ടത്തിന്റെ ആഘാതത്തിൽ മുങ്ങിപ്പോകുന്നു.

കഴിഞ്ഞ വർഷത്തേതുപോലെ **മാർ ബാസേലിയോസ് ഔഗേൻ ചാരിറ്റബിൾ ഫൗണ്ടേഷൻ 2020-2021 വർഷത്തെ ജനറൽ ബോഡിയോഗം** Google meet ആയി നടത്തേണ്ടിയിരിക്കുന്നു. 2021 ആഗസ്റ്റ് 27 - ന് നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു.

ഈ കാലഘട്ടത്തിലെ പരിമിതിക്കുള്ളിൽ ആകാവുന്ന വിധത്തിൽ എല്ലാം കുട്ടികളെയും പരിപോഷിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ശ്രമിച്ച അദ്ധ്യാപകരെ അനുമോദിക്കുന്നു.

**സാന്ത്വനം സ്പെഷ്യൽ സ്കൂളിന്റെ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും സാമ്പത്തികമായി സഹായിക്കുന്ന എല്ലാവരേയും കൃതജ്ഞതയോടെ അനുമോദിക്കുന്നു.**

അടുത്ത സ്കൂൾ വർഷത്തിൽ പ്രിയപ്പെട്ട എല്ലാ കുട്ടികൾക്കും സ്കൂളിൽ വന്ന് പരിശീലിക്കുവാൻ സൗകര്യം ഉണ്ടാവട്ടെ എന്ന പ്രാർത്ഥനയോടെ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

| **ആതിരകൃഷ്ണൻ** | **മാത്യു വറുഗീസ്** |
|---|---|
| പ്രിൻസിപ്പൽ | (സെക്രട്ടറി) |

**സഹകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന എല്ലാവരോടും ഉള്ള കൃതജ്ഞതയും അഭിനന്ദനവും അർപ്പിക്കുന്നു സഹായങ്ങളും, പ്രോത്സാഹനങ്ങളും തുടരണമേ എന്ന് അഭ്യർത്ഥിക്കുന്നു.**

**ദൈവം തമ്പുരാന് മഹത്വം ഉണ്ടാകട്ടെ...**
**മാത്യു വർഗീസ് ഇരുമല**
**സെക്രട്ടറി**



**തിരുമൊഴികൾ..**

*അച്ചടക്കമുള്ള ജീവിതം നമ്മൾക്കുണ്ടാവണം. നാം ആരും നിരാശയുടെ പടുകുഴിയിൽ വീഴേണ്ടതില്ല. ദൈവം നമ്മെ കാത്തുകൊള്ളും എന്ന ഒരു ശക്തമായ അനുഭവജ്ഞാനം നമ്മൾക്കുണ്ടാകണം. നാം ധൈര്യത്തോടെ മുൻപോട്ട് പോവുക. ദൈവം നമ്മോട് കൂടെയുണ്ട്.*

## SANTWANAM SPECIAL SCHOOL, KOTHAMANGALAM

## MILE STONES

| | | |
|---|---|---|
| 1. | Kalpana No. 38/2008 H.B. Paulose Mar Milithios Catholicos Designate - to begin a Special School at Kothamangalam | 23-06-2008 |
| 2. | Inauguration of Santwananm Special School venue : Mar Baselious Orthodox Church | 30-06-2008 |
| 3. | Registration of Mar Baselious Augen Charitable Foundation (Reg. No. ER 495/08) | 27-08-2008 |
| 4. | Laying Foundation Stone of Santwanam Special School Building by H.B. Paulose Mar Milithios, Catholicos Designate | 26-11-2008 |
| 5. | Inauguration of Ground Floor H.H. Moran Mar Baselious Mar Thoma Paulose II | 16-03-2011 |
| 6. | Inauguration of First Floor H.H. Moran Mar Baselious Mar Thoma Paulose II | 21-08-2012 |
| 7. | Recognation of Santwanam Special School (Govt. Order Reg. No. 711/2012) | 11-12-2012 |
| 8. | Inauguration of Second Floor of School Building | 09-07-2014 |
| 9. | Inauguration of Development Therappy Unit | 09-06-2014 |
| 10. | Second Bus purchased | 05-08-2014 |
| 11. | New equipment in physiyotherapy Units worth Rs. 100000 | 31-07-2015 |
| 12. | സാന്ത്വനം സുരക്ഷാ സംവിധാനം | 12-05-2016 |
| 13. | ചെണ്ടമേള സംഘം അരങ്ങേറ്റം – പത്മശ്രീ ജയറാം | 12-05-2016 |
| 14. | Barnabas Hall – സമർപ്പണവും നാമകരണവും | 23-05-2017 |
| 15. | പുതിയ പാഠ്യപദ്ധതി | 18-08-2017 |
| 16. | Special Olympics | 14-05-2018 |
| 17. | Therapy Centre (Sensory Room, Development Therapy, Physio Therapy) | 14-05-2019 |
| 18 | Jyothis Park | 17-01-2019 |
| 19. | Installation of Adaptive Training System | 21-01-2019 |

**Dr. Jacob Ittoop**
Mob : 9745003455 (Vice President)

**Fr. Mathai Edayanal Cor-Episcopa**
Mob : 9447396369 (Treasurer)

**Mathew Varghese**
Mob : 9446219752 (Secretary)

**Fr. George Patlattu**
Mob : 9447142710 (Director)

**P.V. Behanan**
Mob : 9447604338 (Joint Secretary)

**Athira Krishanan**
Mob : 8606113883 (Principal)



## തിരുമൊഴികൾ..

*യഥാർത്ഥത്തിൽ ഓരോ വിശുദ്ധനും ക്രിസ്തുവിലേക്കുള്ള
വഴിവിളക്കുകളാണ്. അവരോട് പ്രാർത്ഥിക്കുമ്പോൾ അവരുടെ
മദ്ധ്യസ്ഥതയാൽ ചില ദൈവാനുഭവങ്ങൾ നമുക്കു ലഭിക്കും.
അത് പരസ്യം നൽകി ഘോഷിക്കുവാനുള്ളതല്ല, മറിച്ച് അത്തരം ജീവിതം
മാതൃകയാക്കുവാനുള്ള പ്രചോദനമാണ്. സാക്ഷ്യം പറയേണ്ടത്
വാക്കുകൾ കൊണ്ടല്ല ജീവിതം കൊണ്ടാണ്.*



# കാലയവനികക്കുള്ളിൽ മണ്മറഞ്ഞ കാലഘട്ടത്തിന്റെ കാരുണ്യസ്നേഹത്തിന് പ്രണാമം

**ഡോ. വിൽസൺ വർഗീസ്**

മലങ്കര സഭയുടെ പരമോന്നത സ്ഥാനത്തിരുന്ന്, സഭയ്ക്കായി ജീവിച്ച്, പേരും പെരുമയും ത്യജിച്ച്, പ്രസ്ഥാനത്തിനും, സഭാവിശ്വാസികൾക്കുമായി നിലനിന്ന പിതാവിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു. സഭാവഴക്കിന്റെ പേരിൽ ഏറ്റവുമധികം ആരോപണവിധേയനായി, ഒരുപാട് പഴികളും, വേദനകളും, ഇല്ലാവചനങ്ങളും ഏൽക്കേണ്ടി വന്ന സഭാഇടയനാണ് കാലം ചെയ്ത ബാവതിരുമനസ്സ്. ആരോഗ്യത്തിലും, അനാരോഗ്യത്തിലും നിസ്വാർത്ഥമായ് സഭയെ സ്നേഹിച്ച്, വ്യവഹാരരഹിതമായ മലങ്കരയുടെ ഭാവി സ്വപ്നം കണ്ട്,ഒ ഴുക്കിനെതിരെഅ ദ്ദേഹംസ ഭയെന യിച്ചു.അ ദ്ദേഹത്തിന്റെഒ ാജസ്സും,േ തജസ്സും,ഉ ന്മേഷവും, ഉത്സാഹവും സഭാമക്കൾക്ക് എന്നും പ്രചോദനമായിരുന്നു. എളിമയോടെ ജീവിച്ച, കാരുണ്യത്തോടെ പ്രവർത്തിച്ച, സമർപ്പണത്തോടെ പ്രാർത്ഥിച്ച അദ്ദേഹം മലങ്കര സഭയുടെ ഊർജ്ജസ്രോതസ്സായി അന്നും, ഇന്നും, എന്നും ഒരുപോലെ നിലനിൽക്കുന്നു.

**മനസും, മനസാക്ഷിയും, ഹൃദയവുമുള്ള എല്ലാവരുടെയും മനസ്സിൽ നമ്മുടെ ബാവതിരുമേനി നിലക്കാത്ത പ്രവാഹമായി, വറ്റാത്ത ഉറവയായി, കെടാത്ത വിളക്കായി ഉണ്ടാകും. തീർച്ചയായും...!**

നികത്താനാകാത്ത വിടവാണ് അദ്ദേഹത്തിന്റെ വേർപാട് നമുക്കോരോരുത്തർക്കും പ്രത്യേകിച്ച് അശരണർക്കും, ആലംബഹീനർക്കും, ആശ്രിതർക്കും, സാന്ത്വനം മക്കൾക്കും ഉണ്ടാക്കിയിരിക്കുന്നത്. ബാവ തിരുമേനിയുടെ സ്വപ്നപൂർത്തികരണം സഫലമാക്കുവാൻ നമുക്ക് കഴിയട്ടെ.



Where there is love,
there is life.
Where there is life,
there is hope.
Where there is hope,
there is faith.
Where there is faith,
miracles happen.
Where there is peace,
there is God.
And when you have God,
you have everthing.
Amen





**തിരുമൊഴികൾ..**

*നമുക്ക് കഷ്ടതകൾ, പ്രയാസങ്ങൾ, പകർച്ചവ്യാധികൾ, ജീവിതത്തിൽ പല പ്രതിസന്ധികൾ നേരിടുമ്പോഴും നാം നിരാശരാകേണ്ടതില്ല. അതിൽ നിന്നും നാം ഉയർത്തെഴുന്നേൽക്കും. മരണഭയം നമ്മൾക്ക് ഒരു വിഷയം അല്ല. ഉയിർത്തെഴുന്നേറ്റ കർത്താവിനോടൊപ്പം നമ്മൾ പങ്കുകാരായി, അവന്റെ സ്നേഹിതരായി ജീവിക്കുക എന്നുള്ളതാണ് ഏറ്റവും വലിയ സന്തോഷവും സമാധാനവും.*



# സ്നേഹ സാന്ത്വനസുകൃതം

**പി.വി. ബഹനാൻ**
(ജോയിന്റ് സെക്രട്ടറി)

ക്രൈസ്തവ സഭാ നേതൃത്വത്തിൽ ഉന്നതസ്ഥാനീയനായിരുന്നിട്ടും സാധാരണക്കാരിൽ സാധാരണക്കാരനായിരുന്നു പരി. ബാസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ. അതുകൊണ്ടാണ് അശരണരുടെയും നിസ്സഹായരുടെയും ഹൃദയവേദനഅദ്ദേഹത്തിന് തിരിച്ചറിയുവാൻ കഴിഞ്ഞത്. അവർക്കു സാന്ത്വനമേകുന്ന ഒട്ടേറെ പദ്ധതികൾ സഭാതലത്തിൽ നടപ്പാക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ സ്മരണയെ അനശ്വരവും ദീപ്തവുമാക്കുന്നു. പുറംമോടികളില്ലാതെ ഹൃദയ സുതാര്യതയോടെയും സന്തോഷത്തോടെയും ജീവിക്കുവാൻ ബാവായ്ക്കു ദൈവാനുഗ്രഹം ലഭിച്ചിരുന്നു.

പരിശുദ്ധ ബാവ തിരുമേനിയോടൊപ്പം സഭാപ്രവർത്തനങ്ങളിൽ സഭാ മാനേജിംഗ് കമ്മിറ്റി മെമ്പറായി പ്രവർത്തിക്കുവാൻ സാധിച്ചത് വലിയൊരു പുണ്യമായി ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു. സഭയുമായും ബാവയുമായും കൂടുതൽ അടുക്കുവാനും അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ അടുത്തുനിന്ന് മനസ്സിലാക്കുവാനുമുള്ള അവസരം എനിക്കു ലഭിച്ചു. സഭാകാര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തുവാനും ഉറച്ച തീരുമാനങ്ങൾ എടുക്കുവാനും ബാവ തിരുമേനി ശ്രദ്ധിച്ചിരുന്നു. കോടതിവിധികൾ പലതും ഉണ്ടായപ്പോഴും, വിവിധങ്ങളായി പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നപ്പോഴും അദ്ദേഹത്തിന്റെ വാക്ക് പൂർണ്ണമായും സഭാംഗങ്ങൾ അനുസരിച്ചിരുന്നു. എതിരഭിപ്രായം ഉണ്ടായിരുന്നവർ പോലും ആ സുസ്മേരവദനത്തിനു മുന്നിൽ തലകുനിച്ചു. സഭയുടെ ഏതൊരു പ്രവർത്തനങ്ങളിലും എല്ലാവരെയും ചേർത്തുപിടിക്കുവാനുള്ള ഇഴയടുപ്പം സഭാ മക്കളുമായി ഉണ്ടാക്കിയിരുന്നു. സ്ഥാനത്തിന്റെ വലിപ്പത്തിനപ്പുറത്ത് മനസ്സിന്റെ വലുപ്പത്തിലാണ് അദ്ദേഹം വിശ്വസിച്ചത്.

ബാവാ തിരുമേനിയെക്കുറിച്ചോർക്കുമ്പോൾ രണ്ട് പ്രധാനസംഭവങ്ങൾ എന്റെ മനസ്സിലേക്ക് ഓടിയെത്താറുണ്ട്. വടക്കൻ മേഖലയുടെ യുവജനപ്രസ്ഥാനത്തിന്റെ മേഖലാ സമ്മേളനം ഉദ്ഘാടനം ചെയ്യുവാൻ ബാവാതിരുമേനി എഴുന്നള്ളിയപ്പോൾ ആ സദസ്സിൽ ഞാനും ഉണ്ടായിരുന്നു. അൽപ്പസമയം കഴിഞ്ഞ് പരി. ബാവ തിരുമേനി സ്റ്റേജിലിരുന്നുകൊണ്ട് തന്നെ എന്റെ സാന്ത്വനം കുഞ്ഞുങ്ങൾ എവിടെയെന്നന്വേഷിക്കുകയും സദസ്സിൽ ദൂരെ നിന്നിരുന്ന ജൂണോയെ സ്റ്റേജിലേക്ക് വിളിച്ച് ആലിംഗനം ചെയ്തുമെല്ലാം സദസ്സിനെയൊക്കെ കോരിത്തരിപ്പിച്ചു. ആ സ്റ്റേജിൽ ഇരുന്നുകൊണ്ടു തന്നെ സദസ്സിലിരുന്ന എന്നെ ആൾക്കൂട്ടത്തിനിടയിൽ നിന്നുപോലും തിരിച്ചറിഞ്ഞുകൊണ്ട് "ബഹനാനെ" എന്ന് പേര് ചൊല്ലി വിളിച്ചുകൊണ്ട് സ്റ്റേജിലേക്കു ക്ഷണിച്ച് പൊന്നാട അണിയിച്ചത് മുജ്ജന്മപുണ്യമായി ഞാൻ കരുതുന്നു.

പരുമലപ്പെരുന്നാളിനോടനുബന്ധിച്ചുള്ള തീർത്ഥാടകർക്കുള്ള സ്വീകരണയോഗത്തിൽ സ്വാഗതപ്രസംഗം വേദിയിൽ നടക്കുന്ന അവസരത്തിൽ മന്ത്രിക്ക് ബൊക്കെ നൽകുവാൻ സദസ്സിൽ ഇരുന്ന എന്നെ "അങ്കമാലി ഭദ്രാസനത്തിലെ ബഹനാനെ വിളിക്കൂ"എന്ന് സഭാ സെക്രട്ടറി ബിജു ഉമ്മൻ സാറിനോട് കല്പിക്കുകയും അതനുസരിച്ച് എന്നെ വിളിച്ച് ആ ദൗത്യം ഏൽപ്പിക്കുകയും ചെയ്തതും ഒരു സ്വപ്നംപോലെ ഇന്നും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. ഇവയെല്ലാം വീണ്ടും വീണ്ടും സഭയ്ക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള ഊർജ്ജം പരിശുദ്ധബാവായിൽ നിന്നും പകർന്നുകിട്ടിയ അനുഭവങ്ങളുടെ നേർസാക്ഷ്യങ്ങളാണ്.

ജീവകാരുണ്യ പ്രവർത്തനങ്ങളോടുള്ള പരി. ബാവയുടെ സമീപനം തികച്ചും ശ്രേഷ്ഠമായിരുന്നു. ആരെയും അതിശയിപ്പിക്കുന്ന ഇടപെടലുകൾ പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹത്തോട് പുലർത്തിയിരുന്നു. സാന്ത്വനത്തിലെ കുഞ്ഞുങ്ങളോടൊപ്പം ദിവസങ്ങൾ പങ്കുവയ്ക്കുമ്പോൾ കുഞ്ഞുങ്ങളുടെ നന്മ മനസ്സ് ബാവാ തിരുമേനി സഭയിലേക്ക് പങ്കുവയ്ക്കുകയായിരുന്നു.

സാന്ത്വനം എന്നത് ഒരു ചെറിയ വാക്കല്ല എന്നും, ഒരു സ്ഥാപനമല്ല എന്നും, അത് ഒരു ജീവിതശൈലി തന്നെയായിരിക്കണമെന്ന് സ്വന്തം പ്രവർത്തനങ്ങളിലൂടെ ലോകത്തിനു മുന്നിൽ തെളിയിച്ച ആ വലിയ ഹൃദയത്തിനു മുന്നിൽ എന്റെ ബാഷ്പാഞ്ജലികൾ അർപ്പിക്കുന്നു. ആ വലിയ ഇടയൻ ജീവിച്ചിരുന്ന കാലഘട്ടത്തിൽ ജീവിക്കാൻ കഴിഞ്ഞ മഹാഭാഗ്യത്തെ സ്മരിച്ചുകൊണ്ട് ഒരിക്കൽക്കൂടി പ്രണാമം....



**തിരുമൊഴികൾ..**

*നാം ഒന്നാണ്, ഒരേ രക്തവും ഒരേ കുടുംബവും. നമുക്ക് ഒരേ വിശ്വാസവും ഒരേ ആരാധനയും. നമുക്ക് സമാധാനം വേണം. നാം ഒരു കൂടാരത്തിൽ വസിക്കുന്നവരാകണം. ഒരു ശരീരമായി ദൈവത്തെ ആരാധിക്കുന്നവരാകണം*



# എന്റെ ഓർമ്മയിൽ ബാവാ തിരുമേനി

**സെലീനടീച്ചർ**

